നം.ഇസി 1-57980/2017/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 31.07.2017.

## കുറ്റാരോപണ മെമ്മോ

ശ്രീ.പി.ജയൻ, ജൂനിയർ ഹെൽത്ത് ഇൻസ്പ്കെടർ ഗ്രേഡ്-1, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ദേവികുളത്തിന്റെ പേരിലുള്ള കുറ്റാരോപണം.

ശ്രീ.പി.ജയൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ദേവികുളത്ത് ജോലി നോക്കിവരവെ 01.03.2017 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുക വഴി ഔദ്യോഗിക സ്വഭാവദൂഷ്യം, മേലധികാരികളെ ധിക്കരിക്കൽ എന്നീ കുറ്റങ്ങൾ ചെയ്തിരിക്കയാൽ 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം ഉദ്ദേശിച്ചിട്ടുള്ള തരത്തിൽ താങ്കൾക്കെതിരായ അച്ചടക്ക നടപടി എടുക്കാതിരിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടു കൊള്ളുന്നു. എതിർ വാദങ്ങളടങ്ങിയ നിങ്ങളുടെ വിവര പത്രിക സമർപ്പിക്കുന്നതിന് ഈ അറിയിപ്പ് കിട്ടുന്ന തീയതി മുതൽ പതിനഞ്ച് (15) ദിവസങ്ങൾ താങ്കൾക്ക് അനുവദിച്ചിരിക്കുന്നു. അത്തരം ഒരു വിവര പത്രിക പ്രസ്തുത കാലാവധിക്കകം ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളൊന്നും നൽകാനില്ലെന്ന അടിസ്ഥാനത്തിൽ നടപടി മുന്നോട്ട് പോകുന്നതാണ്. താങ്കൾക്ക് നേരിൽ എന്തെങ്കിലും ബോധിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആ വിവരവും അറിയിക്കേണ്ടതാണ്. ആരോപണ പത്രികയിൽ പറഞ്ഞിരിക്കുന്ന ആരോപണങ്ങൾ നേരിൽ കാണുന്നതിനും ആയവ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ (വിജിലൻസ്) സാന്നിദ്ധ്യത്തിൽ കുറിച്ചെടുക്കുന്നതിനും താങ്കൾക്ക് രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്. ആയതിലേക്ക് വിവര പത്രിക സമർപ്പിക്കുന്നതിന് നിശ്ചിത തീയതിക്ക് മുൻപ് മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്ന കുറ്റത്തിന് അടിസ്ഥാനമായ ആരോപണങ്ങളുടെ ഒരു പത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു.

## കുറ്റാരോപണ പത്രിക

ശ്രീ.പി.ജയൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ആയി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ദേവികുളത്ത് ജോലി നോക്കിവരവെ 01.03.2017 മുതൽ ജോലിയിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

താങ്കൾ ചെയ്ത മേൽ പ്രവർത്തി ഗുരുതരമായ അച്ചടക്ക ലംഘനവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ട ലംഘനവും, ഔദ്യോഗിക സ്വഭാവ ദൂഷ്യവും ആകയാൽ താങ്കൾക്കെതിരെ അച്ചടക്ക നടപടിഎടുക്കാൻ കാരണമാകുന്നു. ആകയാൽ കുറ്റപത്രം നൽകുന്നു.

**ഡോ.സെമീറ.എ.,**
**ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)**

സ്വീകർത്താവ്

ശ്രീ.പി.ജയൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1,
(ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തിരം)

പകർപ്പ്:-

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ഇടുക്കി
(2 കോപ്പി ഉള്ളടക്കം ചെയ്യുന്നു. ഒരു കോപ്പിയിൽ കുറ്റാരോപിതന്റെ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ അയച്ചു തരേണ്ടതാണ്.)
2. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, സി.എച്ച്.സി. ദേവികുളം, ഇടുക്കി.
3. ഫയൽ/കരുതൽ ഫയൽ